പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3246

19.06.2019 ലെ മറുപടിയ്ക്ക്

ഫയലുകളും രേഖകളും നഷ്ടപ്പെടുത്തുന്നവർക്കെതിരെ ശിക്ഷാ നടപടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ്.പി | | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) | തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ക്രമക്കേടുകൾ നടത്തിയതായി ഓഡിറ്റ് റിപ്പോർട്ടുകൾ വരുമ്പോൾ ഫയലുകളും ബന്ധപ്പെട്ട രേഖകളും കണ്ടെടുക്കാനാവാത്തതിനാൽ ഉത്തരവാദിക ളായഉദ്യോഗസ്ഥർക്കെതിരെ നടപടിയെടു ക്കാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടോ ; | (എ) | പദ്ധതി നിർവഹണം കഴിഞ്ഞാൽ തൊട്ടടുത്ത വർഷം തന്നെ ഓഡിറ്റ് പൂർത്തിയാക്കുന്നതിനാലും പദ്ധതി നടത്തിപ്പും അക്കൗണ്ടിങ്ങുമായി ബന്ധപ്പെട്ട രേഖകൾ കമ്പ്യൂട്ടറൈസ് ചെയ്യപ്പെട്ടതിനാലും രേഖകൾ കണ്ടെടുക്കാൻ പറ്റാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല. എന്നാൽ പഴയകാല പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ കണ്ടെടുക്കാനാവാത്തതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. |
| (ബി) | ഫയലുകളും രേഖകളും നഷ്ടപ്പെടുത്തുന്നവർ ക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്. 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ,ചട്ടം 12(2) അനുസരിച്ച് ചെലവുകളുമായി ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകളും , കണക്കുകളും നിലവിലില്ല എന്ന് കരുതപ്പെടുന്നതും തദനുസരണം തുടർ നടപടി സ്വീകരിക്കുന്നതുമാണ്.കൂടാതെ അത്തരം ഉദ്യോഗസ്ഥർക്കെതിരെ 1960 ലെ കേരള സിവിൽ സർവീസ് (തരംതിരിവും നിയന്ത്രണവും ,അപ്പീലും ) ചട്ടങ്ങൾ പ്രകാരം വകുപ്പുതല അച്ചടക്ക നടപടിയും സ്വീകരിക്കുന്നുണ്ട്. |
| (സി) | ചെക്ക് ഇഷ്യൂ രജിസ്റ്റർ, പാസ്സ് ബുക്ക്, ട്രഷറി ബിൽ ബുക്ക് തുടങ്ങിയ രേഖകൾ എത്രകാലം സൂക്ഷിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ? | (സി) | കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 338 പ്രകാരം അക്കൗണ്ട്സുമായി ബന്ധപ്പെട്ട രേഖകൾ നശിപ്പിക്കാൻ പാടില്ല. |

സെക്ഷൻ ഓഫീസർ